**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3034** **10-03-2025 - ൽ മറുപടിയ്ക്ക്**

**ആഴക്കടലിലും തീരക്കടലിലുമുള്ള കേന്ദ്രസർക്കാരിന്റെ മണൽ ഖനനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. അൻവർ സാദത്ത്,<br>ശ്രീ. എം. വിൻസെന്റ്,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആഴക്കടലിലും തീരക്കടലിലും മണൽ ഖനനം നടത്തുന്നതിനുള്ള കേന്ദ്രസർക്കാർ തീരുമാനം സംസ്ഥാനത്തിന്റെ അധികാരങ്ങളിലേക്കുള്ള കടന്നുകയറ്റമാണ് എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഗൗരവത്തോടെ കാണുന്നുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ ഏഴാം ഷെഡ്യൂൾ (ആർട്ടിക്കിൾ 246) പ്രകാരം "മത്സ്യബന്ധനം" ഒരു സംസ്ഥാന വിഷയമാണ് (ലിസ്റ്റ് II, എൻട്രി 21), കൂടാതെ "പ്രദേശിക ജലാതിർത്തികൾക്കപ്പുറമുള്ള മത്സ്യബന്ധനവും മത്സ്യബന്ധന പ്രവർത്തനങ്ങളും" മാത്രം യൂണിയൻ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉൾനാടൻ ജലാശയങ്ങളിലും (ശുദ്ധജലം, അഴിമുഖങ്ങൾ, കായലുകൾ ഉൾപ്പെടെയുള്ള ഉപ്പുവെള്ളം) കടലിലും അടിസ്ഥാനരേഖയിൽ നിന്ന് 12 നോട്ടിക്കൽ മൈൽ വരെ മത്സ്യബന്ധനത്തിന്റെ വികസനവും മത്സ്യബന്ധനപ്രവർത്തനങ്ങളും ഒരു സംസ്ഥാന വിഷയമാണ്. പ്രദേശിക ജലാശയങ്ങളിലെ ധാതു ഖനനം പ്രദേശിക ജലാശയങ്ങളിലെയും ഉൾനാടൻ ജലാശയങ്ങളിലെയും മത്സ്യബന്ധനത്തെ പ്രതികൂലമായി ബാധിക്കുകയും അത് ഇല്ലാതാക്കുകയും ചെയ്യും. പ്രദേശിക ജലാശയങ്ങളിൽ ഖനനം അനുവദിക്കാൻ ഖനി മന്ത്രാലയം നടത്തുന്ന ഇപ്പോഴത്തെ ശ്രമം സംസ്ഥാനങ്ങളുടെ അധികാരപരിധിയിലേക്കുള്ള നേരിട്ടുള്ള കടന്നുകയറ്റമാണ്. ഇക്കാര്യത്തിലുള്ള സംസ്ഥാന സർക്കാരിന്റെ ആശങ്കയും വിയോജിപ്പും ആക്ടിന്റെ ഭേദഗതിയുമായി ബന്ധപ്പെട്ട അഭിപ്രായ രൂപീകരണവേളയിൽ തന്നെ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതാണ്. |
| (ബി) | എങ്കിൽ നിയമപരമായി ഈ വിഷയത്തെ നേരിടാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | 2002 ലെ ഓഫ് ഷോർ ഏരിയാസ് മിനറൽ (ഡവലപ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്ടിലെ മാനദണ്ഡങ്ങളും വ്യവസ്ഥകളും അവയിൽ 2023-ൽ വരുത്തിയ ഭേദഗതികളും സംസ്ഥാനങ്ങളുടെ താത്പര്യങ്ങൾ പൂർണ്ണമായും കണക്കിലെടുക്കുന്ന |

വിധത്തിലല്ല. ധാതു സമ്പത്തിന്റെ ഖനനത്തിലൂടെ ലഭിക്കുന്ന റോയൽറ്റി പൂർണ്ണമായും കേന്ദ്ര സർക്കാരിന് ഉള്ളതുമാണ് (സെക്ഷൻ 16) മാത്രമല്ല 2023 ലെ ഭേദഗതിയിലൂടെ (സെക്ഷൻ 5) സ്വകാര്യമേഖലയ്ക്ക് കൂടി ഖനനമേഖലയിൽ പങ്കാളിത്തം നൽകപ്പെട്ടിട്ടുള്ളതാണ്. ആക്റ്റിലെ പോരായ്മയും പരിമിതികളും സംബന്ധിച്ച് ആക്റ്റിന്റെ ഭേദഗതിയുമായി ബന്ധപ്പെട്ടുള്ള അഭിപ്രായ സ്വരൂപണ വേളയിൽ തന്നെ സംസ്ഥാനത്തിന്റെ വിയോജിപ്പ് കേന്ദ്രത്തെ അറിയിച്ചിട്ടുള്ളതാണ്. കൂടാതെ ഓഫ്ഷോർ ധാതുക്കളുടെ ഖനനവുമായി ബന്ധപ്പെട്ടുള്ള ആക്റ്റിന്റെ ഭേദഗതിയിൽ പാരിസ്ഥിതികമായ ഘടകത്തെ പരിഗണിക്കുന്നില്ല. ഇക്കാര്യങ്ങൾ 11-01-2025-ന് കൊച്ചി റിനായ് ഹോട്ടലിൽ വെച്ച് നടത്തിയ റോഡ് ഷോയിൽ കേന്ദ്ര മൈൻസ് സെക്രട്ടറി ശ്രീ. കാന്തറാവു ഐ. എ. എസ്. മുൻപാകെ സംസ്ഥാന വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ് അവതരിപ്പിക്കുകയും സംസ്ഥാനത്തിന്റെ നയപരമായ നിലപാടും നിലവിലെ ആശങ്കയും അറിയിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്തിന്റെ ആവശ്യം 2025 ജനുവരി 19 ന് ഒറീസ്സയിലെ ഭുവനേശ്വറിൽ നടന്ന അറുപത്തിനാലാമത് സെൻട്രൽ ജിയോളജിക്കൽ പ്രോഗ്രാമിംഗ് ബോർഡിൽ ചർച്ചയ്ക്ക് വരികയും തുടർന്ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രഫി എന്ന സ്ഥാപനത്തോട് ഓഫ്ഷോർ മൈനിംഗ് സംബന്ധിച്ച പാരിസ്ഥിതിക വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കേന്ദ്ര ഖനി വകുപ്പ് സെക്രട്ടറി നിർദേശിക്കുകയും ചെയ്തു. കൂടാതെ സംസ്ഥാനത്തിന്റെ ആശങ്കകൾക്ക് അടിസ്ഥാനമാകുന്ന വിവിധ ഘടകങ്ങളെ ബന്ധപ്പെടുത്തി പ്രസ്തുത ആഴക്കടൽ മണൽ ഖനനമെന്ന പ്രൊജക്റ്റ് പൂർണ്ണമായും ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് വിശദമായ കത്ത് 13.02.2025 ൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കേന്ദ്ര ഖനി സെക്രട്ടറിക്കു അയക്കുകയും ചെയ്തിട്ടുള്ളതാണ്. ആഴക്കടൽ ധാതുഖനനവുമായി ബന്ധപ്പെട്ട വിഷയത്തിൽ സംസ്ഥാനത്തിന്റെ എതിർപ്പും, സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും കേന്ദ്ര ഫിഷറീസ് വകുപ്പ് മന്ത്രിയോടും കേന്ദ്ര ഖനി വകുപ്പ് മന്ത്രിയോടും 27.02.2025 തീയതിയിലെ കത്ത് പ്രകാരം സംസ്ഥാന ഫിഷറീസ് വകുപ്പ് മന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | കൂടാതെ കേരളത്തിന്റെ സമ്പദ്ഘടനയെയും പാരിസ്ഥിതിക സന്തുലനത്തെയും പ്രതികൂലമായി ബാധിക്കുന്ന ആഴക്കടൽ ധാതുഖനനം ഉടൻ ഉപേക്ഷിക്കണമെന്നു കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള മുഖ്യമന്ത്രി 04.03.2025-ൽ കേരള നിയമസഭയിൽ അവതരിപ്പിച്ച പ്രമേയം ഏകകണ്ഠമായി പാസാക്കിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ